# കേരള സർവകലാശാല

നം.പി.ആർ.57/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## വൈവാ – വോസി

2019 ജനുവരി – ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ എം.എ (പ്രൈവറ്റ് രജിസ്ട്രേഷൻ) (2016 അഡ്മിഷൻ) ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഇംഗ്ലീഷ്, പരീക്ഷകളുടെ വൈവാ – വോസി യഥാക്രമം മാർച്ച് 21, 22, 25, ഏപ്രിൽ 4 തീയതികളിൽ വിദൂര വിദ്യാഭ്യാസ കേന്ദ്രം പാളയം സെന്ററിൽ വെച്ചും എം.എ ഇസ്ലാമിക് ഹിസ്റ്ററി പരീക്ഷയുടെ വൈവാ – വോസി മാർച്ച് 22 ന് ഇസ്ലാമിക് സ്റ്റഡീസ് വിഭാഗം കാര്യവട്ടം ഓഫീസിൽ വെച്ചും നടത്തുന്നതാണ്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി രാവിലെ 9.30 ന് സെന്ററിൽ ഹാജരാകുക. അന്വേഷണങ്ങൾക്ക്: 0471 2386442

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി (2008 സ്കീം) പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 20 ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.കോം പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 20 മുതൽ 25 വരെ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

മൂന്നാം സെമസ്റ്റർ എം.എസ്.സി ജ്യോഗ്രഫി (മേഴ്സിചാൻസ് – 2011 അഡ്മിഷൻ) പരീക്ഷയ്ക്ക് ഫീസ് അടയ്ക്കുന്നതിനുള്ള വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂൺ 7 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (റെഗുലർ/സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴ കൂടാതെ മാർച്ച് 22 വരെയും 50 രൂപ പിഴയോടെ മാർച്ച് 26 വരെയും 125 രൂപ പിഴയോടെ മാർച്ച് 28 വരെയും ഫീസടച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

2019 ഏപ്രിലിൽ നടത്തുന്ന ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ഏഴാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ മാർച്ച് 21 വരെയും 50 രൂപ പിഴയോടെ മാർച്ച് 23 വരെയും 125 രൂപ പിഴയോടെ മാർച്ച് 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മേയിൽ നടത്തുന്ന ഒന്നും, രണ്ടും വർഷ ബി.എ/ബി.എ അഫ്സൽ – ഉൽ – ഉലമ (ആന്വൽ സ്കീം) റെഗുലർ ബിരുദ പരീക്ഷകൾക്ക് പിഴ കൂടാതെ മാർച്ച് 30 വരെയും 50 രൂപ പിഴ

യോടെ ഏപ്രിൽ 2 വരെയും 125 രൂപ പിഴയോടെ ഏപ്രിൽ 4 വരെയും ഫീസടച്ച് അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 21 മുതൽ ആരംഭിക്കുന്നതാണ്.

## എം.ബി.എ പ്രവേശനം

സർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (University Institutes of Management) എം.ബി.എ (ഫുൾടൈം) കോഴ്സിലേയ്ക്കും കാര്യവട്ടം കാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ എം.ബി.എ (ഈവനിംഗ്) കോഴ്സിലേയ്ക്കും 2019 – 2020 വർഷത്തെ പ്രവേശനത്തിനുളള ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2019 ജൂലൈ 1 വൈകിട്ട് 5 മണി വരെ. വിശദവിവരങ്ങൾക്ക് www.admission.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ത്രിദിന ദേശീയ സെമിനാർ

സംസ്കൃത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2019 മാർച്ച് 20, 21, 22 തീയതികളിൽ 'പൂർവ്വ – ഉത്തര മീമാംസകളുടെ ദാർശനിക പ്രസക്തിയെ സംബന്ധിച്ച സമകാലിക ചിന്തകൾ' എന്ന വിഷയത്തെ ആധാരമാക്കി ഒരു ത്രിദിന ദേശീയ സെമിനാർ നടത്തുന്നു. മാർച്ച് 20 ബുധനാഴ്ച രാവിലെ 10 മണിയ്ക്ക് കാര്യവട്ടത്തെ സംസ്കൃത ഡിപ്പാർട്ട്മെന്റ് സെമിനാർ ഹാളിൽ കൂടുന്ന യോഗം ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ മുൻ വൈസ് ചാൻസലർ ഡോ. എൻ.പി ഉണ്ണി ഉദ്ഘാടനം ചെയ്യും. ഡോ.വി ശിശുപാല പണിയ്ക്കർ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.എസ് നസീബ്, ഡോ.പി രാജേഷ്കുമാർ, ഓറിയന്റൽ ഫാക്കൽറ്റി ഡീൻ ഡോ.ആർ ജയചന്ദ്രൻ എന്നിവർ ആശംസ അറിയിക്കും. സംസ്കൃത വിഭാഗാദ്ധ്യക്ഷ ഡോ.സി.എ ഷൈല സ്വാഗതവും, ഡോ.സി.എൻ വിജയകുമാരി നന്ദിയും പറയും. തുടർന്ന് നടക്കുന്ന സെക്ഷനുകളിൽ മദ്രാസ് സർവകലാശാല പ്രൊഫസർ ഡോ.പദ്മനാഭൻ, ഡോ.കെ മുത്തുലക്ഷ്മി, ഡോ.വി വാസുദേവൻ, ഡോ.കെ.വി വാസുദേവൻ, ഡോ.ടി ദേവരാജൻ, ഡോ.കെ മഹേശ്വരൻ നായർ തുടങ്ങിയവർ പങ്കെടുക്കും.

തിരുവനന്തപുരം
18-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ